REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-08-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇന്നും പാർലമെന്റ് സ്തംഭിച്ചു. രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു. ലോക്സഭ മൂന്ന് മണി വരെ നിർത്തി വെച്ചു.**
- **ബിഹാറിലെ പുതുക്കിയ കരട് വോട്ടർപട്ടികയെ പറ്റി ഒരു രാഷ്ട്രീയ പാർട്ടിയും പരാതി നൽകിയിട്ടില്ലെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ ആവർത്തിച്ച് വ്യക്തമാക്കി.**
- **79-ാം സ്വാതന്ത്ര്യ ദിനാഘോഷത്തിന് മുന്നോടിയായി രാജ്യത്ത് "ഹർഘർ തിരംഗ, ഹർ ഘർ സ്വച്ഛത" കാമ്പയിന് തുടക്കമായി.**
- **അമേരിക്കൻ വ്യാപര യുദ്ധത്തിനെതിരായ പ്രധാനമന്ത്രിയുടെ നിലപാട് സ്വാഗതാർഹമെന്ന് മന്ത്രി KN ബാലഗോപാൽ.**
- **കോഴിക്കോട്ട് മേഖലാ രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് തുടക്കമായി.**

## വാർത്തകൾ വിശദമായി

പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇന്നും പാർലമെന്റ് സ്തംഭിച്ചു. രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു. ലോക്സഭ മൂന്ന് മണി വരെ നിർത്തി വെച്ചു. ക്വിറ്റ് ഇന്ത്യ സമരത്തിൽ പങ്കെടുത്ത സ്വാതന്ത്ര്യസമര സേനാനികൾക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച ശേഷം സഭകൾ നടപടികളിലേക്ക് പ്രവേശിച്ചെങ്കിലും പ്രതിപക്ഷം മുദ്രാവാക്യം മുഴക്കി. തുടർന്ന് സഭാ നടപടികൾ തടസ്സപ്പെട്ടു.

ബിഹാറിലെ വോട്ടർപട്ടിക വിഷയമടക്കം ഉന്നയിച്ചാണ് പ്രതിപക്ഷം ബഹളം ആരംഭിച്ചത്.

✪✪✪

ബിഹാറിലെ പുതുക്കിയ കരട് വോട്ടർപട്ടികയെ പറ്റി ഒരു രാഷ്ട്രീയ പാർട്ടിയും പരാതി നൽകിയിട്ടില്ലെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ ആവർത്തിച്ച് അറിയിച്ചു. ഒരാഴ്ച മുമ്പ് പ്രസിദ്ധീകരിച്ച വോട്ടർപട്ടികയെ പറ്റി പരാതികളോ, അവകാശങ്ങളോ ഉണ്ടെങ്കിൽ അറിയിക്കാൻ കമ്മീഷൻ നിർദേശം നൽകിയിരുന്നു. ഏഴ് ദിവസമാണ് ഇതിന്റെ സമയപരിധി.

പട്ടികയിൽ നിന്ന് മനഃപൂർവം പുറത്താക്കുകയോ, അനർഹ വോട്ടർമാരെ പട്ടികയിൽ ഉൾപ്പെടുത്തുകയോ ചെയ്തതായി കണ്ടെത്തിയാൽ പരാതി നൽകണമെന്ന് കമ്മീഷൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇതുവരെ 6,257 വ്യക്തിഗത പരാതികൾ ലഭിച്ചിട്ടുണ്ട്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി, ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയുമായി ഇന്നലെ ടെലിഫോൺ സംഭാഷണം നടത്തി. പരസ്പര താൽപ്പര്യ പ്രാദേശിക, ആഗോള വിഷയങ്ങളിൽ ഇരുനേതാക്കളും അഭിപ്രായങ്ങൾ കൈമാറി.

✪✪✪

79-ാമത് സ്വാതന്ത്ര്യ ദിനാഘോഷത്തിന് മുന്നോടിയായി രാജ്യത്ത് ഇന്ന് "ഹർഘർ തിരംഗ, ഹർ ഘർ സ്വച്ഛത" കാമ്പയിന് തുടക്കമായി. ഓഗസ്റ്റ് 15 വരെ രാജ്യവ്യാപകമായി തിരംഗ ഘോഷയാത്രകൾ, ശുചിത്വ റാലികൾ തുടങ്ങിയവ സംഘടിപ്പിക്കും. വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ദേശീയ പതാക ഉയർത്താൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്ന ക്യാമ്പയിനാണിത്.

✪✪✪

റഷ്യൻ പ്രസിഡണ്ട് വ്ലാഡിമിർ പുടിൻ വൈകാതെ ഇന്ത്യ സന്ദർശിക്കുമെന്ന് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ അറിയിച്ചു. ഇന്നലെ റഷ്യൻ പ്രസിഡണ്ടുമായി മോസ്കോയിൽ നടത്തിയ കൂടിക്കാഴ്ചയ്ക്കു ശേഷമാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. റഷ്യൻ സെക്യൂരിറ്റി കൗൺസിൽ സെക്രട്ടറി സെർജി ഷൊയ്ഗുവുമായും അദ്ദേഹം ചർച്ച നടത്തി.

✪✪✪

കേന്ദ്രഭരണ പ്രദേശമായ ജമ്മുകശ്മീരിന്റെ സംസ്ഥാന പദവി പുനഃസ്ഥാപിക്കാൻ കേന്ദ്രഗവണ്മെന്റിന് നിർദേശം നൽകണമെന്ന് ആവശ്യപ്പെട്ട് മുതിർന്ന അഭിഭാഷകൻ ഗോപാൽ ശങ്കര നാരായണൻ മുഖേന സമർപ്പിച്ച ഹർജി സുപ്രീം കോടതി ഇന്ന് പരിഗണിച്ചേക്കും. ചീഫ് ജസ്റ്റിസ് BR ഗവായ് മുമ്പാകെയാണ് ഹർജി സമർപ്പിച്ചത്.

✪✪✪

ഗാസാ നഗരം പിടിച്ചെടുക്കുന്നതിന് ഇസ്രായേലി മന്ത്രിസഭ അംഗീകാരം നൽകി. ഹമാസിനെ നിരായുധീകരിക്കുക, മുഴുവൻ പേരെയും ബന്ദികളാക്കുക, എന്നിവ ഉൾപ്പെടെ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ അഞ്ച് നിർദേശങ്ങൾക്കാണ് മന്ത്രിസഭ അംഗീകാരം നൽകിയത്.

✪✪✪

തൃശൂർ ശ്രീ കേരളവർമ്മ കോളേജിൽ 14 കോടി 32 ലക്ഷം രൂപ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ആധുനിക അക്കാദമിക്ക് സമുച്ചയം തിങ്കളാഴ്ച രാവിലെ മന്ത്രി ഡോ. R ബിന്ദു ഉദ്ഘാടനം ചെയ്യും.

മൂന്നുനിലയിലായി 22 ക്ലാസ് മുറികൾ, വിവിധ ലാബുകൾ, സയൻസ് വിദ്യാർഥികളുടെ നൈപുണി വികസന കേന്ദ്രം, സ്റ്റാഫ് റൂമുകൾ, ശുചിമുറികൾ എന്നിവ ഉൾക്കൊള്ളുന്നതാണ് സമുച്ചയം.

സംസ്ഥാന ഗവൺമെന്റിന്റെ പൈതൃക കോളേജ് പദ്ധതിയുടെ ഭാഗമായാണ് അന്താരാഷ്ട്ര നിലവാരത്തിൽ പി.ജി ബ്ലോക്ക് യാഥാർഥ്യമാക്കിയത്. മികവിന്റെ കേന്ദ്രങ്ങളായി വികസിപ്പിക്കുന്ന സംസ്ഥാനത്തെ അഞ്ച് പൈതൃക കോളേജുകളിൽ ഒന്നാണ് ശ്രീകേരളവർമ്മ.

✪✪✪

നേരിട്ട് യുദ്ധം ചെയ്യുന്നതിനു പകരം വ്യാപാര യുദ്ധം ആണ് അമേരിക്ക നടത്തുന്നതെന്ന് മന്ത്രി KN ബാലഗോപാൽ പറഞ്ഞു. ഇക്കാര്യത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ശക്തമായ നിലപാട് എടുക്കുന്നത് നല്ല കാര്യം ആണെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. അമേരിക്കൻ നിലപാട് കേരളത്തിന്റെ കയറ്റുമതി മേഖലയിൽ വലിയ പ്രത്യാഘാതം ഉണ്ടാക്കുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

ആലപ്പുഴയിൽ കയർ ആർട്ടിസാൻ ട്രെയിനിംഗ് പൂർത്തീകരിച്ചവർക്കായി രൂപീകരിച്ച സംഘത്തിന്റെ പ്രവർത്തനം മന്ത്രി P രാജീവ് ഉച്ചയ്ക്ക് ഉദ്ഘാടനം ചെയ്യും. ആദ്യ ഓർഡർ വിതരണവും മന്ത്രി നടത്തും. കയർ തൊഴിലാളികൾക്ക് മന്ത്രി സജി ചെറിയാൻ ആനുകൂല്യങ്ങൾ വൈകിട്ട് വിതരണം ചെയ്യും.

✪✪✪

തദ്ദേശസ്ഥാപനങ്ങളിലേയ്ക്ക് പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർപട്ടികയിൽ ഈ മാസം 12 വരെ പേരു ചേർക്കാം. ഭേദഗതി വരുത്തുന്നതിനും അപേക്ഷകളും ആക്ഷേപങ്ങളും സമർപ്പിക്കുന്നതിനും

അവസരമുണ്ട്. തദ്ദേശ സ്ഥാപനങ്ങൾക്ക് നാളെയും മറ്റന്നാളും പ്രവർത്തിദിവസമാണ്.

✪✪✪

സംസ്ഥാനത്ത് ഇന്ന് ആറ് ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. മറ്റിടങ്ങളിലും മഴയ്ക്ക് സാധ്യതയുണ്ട്.

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കാപ്പിൽ മുതൽ പൊഴിയൂർ വരെ തീരത്ത് ഇന്ന് രാത്രി 8.30 വരെ 1.6 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്ക് സാധ്യതയെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്ന് നിർദ്ദേശമുണ്ട്

✪✪✪

കുടുംബശ്രീ ജനഗൽസ തദ്ദേശീയ കലാരൂപ സംരംഭ പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം കാസർഗോട്ട് മന്ത്രി എം.ബി. രാജേഷ് ഓൺലൈനായി ഉദ്ഘാടനം ചെയ്തു. രണ്ട് ദിവസങ്ങളിലായി നടത്തുന്ന പരിപാടിയിൽ പത്തിലേറെ ഗോത്രകലാരൂപങ്ങളാണ് അവതരിപ്പിക്കുന്നത്.

✪✪✪

സംസ്ഥാന ഗവൺമെന്റും തിരുവിതാംകൂർ ദേവസ്വം ബോർഡും ചേർന്ന് സെപ്റ്റംബർ മൂന്നാം വാരം പമ്പയിൽ ആഗോള അയ്യപ്പസംഗമം സംഘടിപ്പിക്കുമെന്ന് മന്ത്രി VN വാസവൻ അറിയിച്ചു. തത്വമസി എന്ന സന്ദേശം ലോകത്ത് പ്രചരിപ്പിക്കാനും ശബരിമലയെ ആഗോള തീർത്ഥാടന കേന്ദ്രമായി ലോകത്തിനു മുന്നിൽ അവതരിപ്പിക്കാനും ലക്ഷ്യമിട്ടാണ് സംഗമം.

✪✪✪

കോഴിക്കോട്ട് മേഖലാ രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് തുടക്കമായി. കൈരളി, ശ്രീ, കോറണേഷൻ തിയേറ്ററുകളിലാണ് മേള. അഞ്ച് ദിവസമാണ് പ്രദർശനം. 1500 പ്രതിനിധികൾ മേളയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വൈകീട്ട് സംവിധായകനും KR നാരായണൻ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് ചെയർപേഴ്സണുമായ സയ്യിദ് മിർസ ചലച്ചിത്രമേള ഉദ്ഘാടനം ചെയ്യും. മുഹമ്മദ് റസൂലോഫ് സംവിധാനം ചെയ്ത 'ദ സീഡ് ഓഫ് ദ സേക്രഡ് ഫിഗ്' ആണ് ഉദ്ഘാടന ചിത്രം.

✪✪✪

തിരുവനന്തപുരം മെഡിക്കൽ കോളജിൽ ആര് ചട്ടലംഘനം നടത്തിയാലും അന്വേഷിക്കുമെന്ന് പ്രിൻസിപ്പൽ PK ജബ്ബാർ പറഞ്ഞു. യൂറോളജി വിഭാഗം തലവൻ ഡോ. ഹാരിസിന് നൽകിയ കാരണം കാണിക്കൽ നോട്ടീസ് ഇതിന്റെ ഭാഗമാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ഹാരിസ് ഉന്നയിച്ച വിഷയങ്ങൾ കേരളത്തിലെ പ്രഗത്ഭരടങ്ങിയ ഡോക്ടർമാരുടെ സംഘമാണ് അന്വേഷണം നടത്തിയത്.

✪✪✪

പാലക്കാട് ജംഗ്ഷനിൽ നിന്ന് നാളെയും മറ്റന്നാളും രാവിലെ 7.20ന് പുറപ്പെടേണ്ട പാലക്കാട് ജംഗ്ഷൻ - എറണാകുളം സൗത്ത് മെമു എക്സ്പ്രസ് റദ്ദാക്കിയതായി റെയിൽവേ അറിയിച്ചു. മടക്ക സർവീസും റദ്ദാക്കിയിട്ടുണ്ട്. ആലുവ പാലത്തിന് മുകളിലെ ട്രാക്ക് പുതുക്കൽ ജോലികളുടെ ഭാഗമായാണ് സർവീസ് റദ്ദാക്കിയത്.

തിരുവനന്തപുരം സെൻട്രലിൽ നിന്ന് വൈകിട്ട് 4.05 ന് പുറപ്പെടേണ്ട തിരുവനന്തപുരം-മംഗളൂരു വന്ദേ ഭാരത് എക്സ്പ്രസ് നാളെയും മറ്റന്നാളും 45 മിനിറ്റ് വൈകിയെ പുറപ്പെടൂ എന്നും അറിയിപ്പുണ്ട്.

✪✪✪

കോഴിക്കോട് ബാലുശ്ശേരിയിൽ ടിപ്പർ ലോറിയും സ്കൂട്ടറും കൂട്ടിയിടിച്ച് രണ്ട് പേർ മരിച്ചു. ബാലുശ്ശേരി ബ്ലോക്ക് റോഡിലെ അപകടത്തിൽ ബാലുശ്ശേരി തുരുത്തിയാട് സ്വദേശികളായ സജിൽ ലാൽ, ബിജീഷ് എന്നിവരാണ് മരിച്ചത്.

✪✪✪

നിലമ്പൂർ സബ് രജിസ്ട്രാർ ഓഫീസിൽ വിജിലൻസ് മിന്നൽ പരിശോധനയിൽ 4,700 രൂപ പിടിച്ചെടുത്തു. ഫയൽ റൂമിൽ സൂക്ഷിച്ചിരുന്ന ആധാരങ്ങളുടെ പകർപ്പുകൾക്കിടയിൽനിന്നാണ് പണം കണ്ടെത്തിയത്. ഇത് കൈക്കൂലിയായി വാങ്ങിയതാണെന്നാണ് വിജിലൻസിന്റെ നിഗമനം. സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിലെ അഴിമതി തടയുന്നതിനായി 'ഓപ്പറേഷൻ സെക്യുർ ലാൻഡ്" എന്ന പേരിൽ സംസ്ഥാനവ്യാപകമായി വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിലാണ് കണ്ടെത്തൽ.

✪✪✪

സ്വർണവിലയിൽ വർദ്ധന പവന് 560 രൂപ വർദ്ധിച്ച് 75,760 രൂപയായി. 9,470 രൂപയാണ് ഗ്രാമിന് വില.

✪✪✪

കണ്ണൂർ സർവകലാശാല യൂണിയൻ തിരഞ്ഞെടുപ്പിനിടെ ഉണ്ടായ സംഘർഷവുമായി ബന്ധപ്പെട്ട് 220 പേർക്കെതിരെ പോലീസ് കേസെടുത്തു. ഇരു വിഭാഗമായി തിരിഞ്ഞ് സംഘർഷമുണ്ടാക്കിയതിനും കൃത്യനിർവഹണം തടസ്സ പ്പെടുത്തിയതിനും പൊലീസിനെ ഭീഷണിപ്പെടുത്തിയതിനുമാണ് കേസ്.

✪✪✪

2026 ലെ ഹജ്ജിന് അപേക്ഷിക്കേണ്ട അവസാന തിയതി ഇന്നലെ അവസാനിച്ചു. 25,000 ത്തിലേറെ അപേക്ഷകൾ ലഭിച്ചതായി മലപ്പുറം ജില്ലാകളക്ടർ അറിയിച്ചു. 20 ദിവസം കൊണ്ട് ഹജ്ജ് തീർത്ഥാടനം പൂർത്തിയാക്കാൻ കഴിയുന്ന ഹ്രസ്വകാല ഹജ്ജിന് ഇത്തവണ തുടക്കമാകുമെന്നും കലക്ടർ അറിയിച്ചു. ഇവരെയും നറുക്കെടുപ്പിലൂടെയായിരിക്കും തിരഞ്ഞെടുക്കുന്നത്. ഓഗസ്റ്റ് 12 നായിരിക്കും നറുക്കെടുപ്പ്.

✪✪✪

പാലക്കാട് മാന്തുരുത്തിയിൽ കണ്ണിന് പരിക്കേറ്റ PT-5 എന്ന കൊമ്പനാനയുടെ ചികിത്സാദൗത്യം ഡോ. അരുൺ സക്കറിയയുടെ നേതൃത്വത്തിൽ തുടങ്ങി. ആനയെ മയക്കുവെടി വെച്ച്  സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി. കണ്ണിനേറ്റ പരിക്കുകളും ദേഹത്തെ മുറിവുകളും നിരീക്ഷിച്ച ശേഷമായിരിക്കും ചികിത്സ.

✪✪✪

തിരുവനന്തപുരം വിമാനത്താവളത്തിൽ 12 കോടി രൂപയുടെ ഹൈബ്രിഡ് കഞ്ചാവ് റവന്യൂ ഇന്റലിജൻസ് ഡയറക്ടറേറ്റ് പിടികൂടി. ബാങ്കോക്കിൽ നിന്ന് ദുബായ് വഴി വിമാനത്താവളത്തിലെത്തിയ യാത്രക്കാരനിൽ നിന്നാണ് ഹൈഡ്രോപോണിക് രീതിയിൽ വളർത്തിയെടുത്ത 12 കിലോയോളം കഞ്ചാവ് കണ്ടെടുത്തത്.

✪✪✪

*News Editor; വി കെ സുരേഷ്*
*News Reader: നിമിഷ*
*NRTs: അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*